(ബി) ഈ സർക്കാർ അധികാരമേറ്റശേഷം കാസർഗോഡ് ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ താമസിച്ചുവരുന്ന പ്രസ്തുത വിഭാഗങ്ങളിലെ 287 കുടുംബങ്ങൾക്ക് ഭൂമി പതിച്ചു നൽകിയിട്ടുണ്ട്.

കാസർഗോഡ് താലൂക്ക്	-	14
ഹോസ്ദുർഗ്ഗ് താലൂക്ക്	-	96
മഞ്ചേശ്വരം താലൂക്ക്	-	4
വെള്ളരിക്കുണ്ട് താലൂക്ക്	-	173
ആകെ		287

(സി) അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് അർഹത പരിശോധിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റാന്നിയിൽ പട്ടയ വിതരണം

147 (3895) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കിലെ ചൂരക്കുഴി അലിമുക്കിൽ എത്ര കുടുംബങ്ങൾക്കാണ് പട്ടയം ലഭിക്കാനുള്ളത് ; പട്ടയം നൽകുന്നതിനായി സംയുക്ത പരിശോധന എന്നാണ് നടത്തിയത് ; ഇപ്പോൾ ഇവിടെ പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് വീണ്ടും സർവ്വേ പരിശോധനകൾ നടത്തിയിട്ടുണ്ടോ ; എന്ത് പരിശോധനയാണ് നടത്തിവരുന്നത് ; ഇതിനായി പ്രത്യേക സർവ്വേ ടീമിനെ നിയോഗിച്ചിട്ടുണ്ടോ ; പ്രത്യേക സർവ്വേ ടീം പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനായി ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചത് ; ഇതിന്മേൽ ഇനി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത് ; എന്നത്തേക്ക് ഇവർക്ക് പട്ടയം നൽകാൻ കഴിയുമെന്ന് അറിയിക്കുമോ ; ഇത് സംബന്ധിച്ച് ഫയൽ നമ്പർ ലഭ്യമാക്കാമോ ; ഇപ്പോൾ ഫയൽ ആരുടെ പക്കലാണുള്ളതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) വിവിധ സഭകളുടെ ശ്മശാനം, ചർച്ച്, പൗരസമിതി, AKCHMS, അഗ്രോസർവ്വീസ് സെന്റർ, അംഗൻവാടി എന്നിങ്ങനെ 11 മറ്റ് കൈവശങ്ങളുൾപ്പെടെ 224 കൈവശങ്ങൾ നിലവിൽ പട്ടയം ലഭ്യമാക്കാനുള്ള ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റാന്നി തഹസീൽദാരുടെ 11-11-2014-ലെ F1-B3-8499/99 നമ്പർ നടപടിക്രമം പ്രകാരം സർവ്വേ ടീമിനെ നിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റ് പ്രകാരമാണ് 224 കൈവശങ്ങളുണ്ടെന്ന് തിട്ടപ്പെടുത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. 7-7-2015-ൽ. ഇക്കാര്യത്തിലുള്ള ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രശ്നത്തിൻമേലുള്ള നിയമവശങ്ങൾ പരിശോധിച്ച് അനന്തര നടപടികൾ അനുവർത്തിക്കുന്നതാണ്. ഈ വിഷയത്തിലുള്ള ഫയൽ നമ്പർ 35264/പി2/12/റവ ആണ്.

പാട്ടത്തിന് നൽകിയ സർക്കാർ ഭൂമിയും പാട്ടക്കുടിശ്ശികയും

148 (3896) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമായി എത്ര ഏക്കർ സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ; ഈ ഭൂമിക്ക് ഒരു വർഷം ലഭിക്കേണ്ട പാട്ടത്തുക എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പാട്ടത്തുകയായി കഴിഞ്ഞ നാല് വർഷങ്ങളിൽ പിരിഞ്ഞു കിട്ടിയത് എത്ര രൂപയാണ് ; വർഷം, ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ.;

(സി) നിലവിലെ പാട്ടക്കുടിശ്ശിക എത്ര രൂപയാണ് ; വർഷം, ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ഡി) പാട്ടക്കുടിശ്ശിക പിരിക്കുന്നതിന് കോടതി സ്റ്റേ നിലവിലുണ്ടോ ; എത്ര ഏക്കർ ഭൂമിയുടെ പാട്ടം പിരിക്കുന്നതിനാണ് സ്റ്റേ ; ഈ ഭൂമിയുടെ പാട്ടത്തുക എത്രയാണ് ; വ്യക്തമാക്കാമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാട്ടഭൂമി തിരിച്ചുപിടിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(എഫ്) ഈ സർക്കാർ വന്നതിനുശേഷം എത്ര ഏക്കർ പാട്ടഭൂമി കൈവശമിരുന്നവർക്ക് പതിച്ചു നൽകിയിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ;

(ജി) ഈ സർക്കാർ വന്നതിനുശേഷം പുതുതായി ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ- ജി) വിവരം ശേഖരിച്ചുവരുന്നു.

കിള്ളിയാർ തീരത്തെ കയ്യേറ്റങ്ങൾ

149 (3897) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കിള്ളിയാർ തീരത്തെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly